ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) പ്രത്യേക സ്ഥലങ്ങളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

(സി) പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക സാദ്ധ്യതകൾ ആരായുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ പണി

112 (1779) ശ്രീ. എ. കെ. മണി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ പണി ഇപ്പോൾ നടന്നുവരുന്നു ;

(ബി) ഇവ എന്നു കമ്മിഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിച്ചിരുന്നത് ;

(സി) ഇവയുടെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഡി) ഇവ എന്നത്തേയ്ക്ക് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 59 സബ്സ്റ്റേഷനുകൾ (അപ്ഗ്രഡേഷൻ പണികൾ ഉൾപ്പെടെ).

(ബി) 2000-2001 എന്നീ വർഷങ്ങളിലായി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) ഈ വർഷവും അടുത്ത വർഷവുമായി പൂർത്തിയാകത്തക്ക വിധത്തിൽ പണികൾ വ്യത്യസ്ത ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ പണി ടേൺ കീ അടിസ്ഥാനത്തിൽ

113 (1780) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ പണി ടേൺ കീ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമെന്നു പറയുമോ ;

(ബി) ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ബോർഡ് ഉദ്യോഗസ്ഥൻമാരാണോ ;

(സി) മറ്റാരെങ്കിലും ആണെങ്കിൽ അതാരെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയുടെ എസ്റ്റിമേറ്റ് തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly